**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 ലെ വാർഷിക പദ്ധതി – സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.988 /2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 15.05.2019

പരാമർശം: 1. 29.01.2018-ലെ സ.ഉ (എം.എസ്) നം.11/2018/ത.സ്വ.ഭ.വ
2. 02.02.2018-ലെ സ.ഉ (എം.എസ്) നം.17/2018/ത.സ്വ.ഭ.വ
3. 14.02.2018-ലെ സ.ഉ (എം.എസ്) നം.22/2018/ത.സ്വ.ഭ.വ
4. 23.10.2018-ലെ സ.ഉ (സാധാ) നം.2710/2018/ത.സ്വ.ഭ.വ

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേക്കുള്ള വികസന പദ്ധതികൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് വളരെ മുമ്പ് തന്നെ തയ്യാറാക്കിയിരുന്നു. 2019-20 വർഷത്തെ ബജറ്റ് വിഹിതം എത്രയാണെന്ന് അറിയുന്നതിന് മുമ്പാണ് പദ്ധതി തയ്യാറാക്കിയത്. 2018-19 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ 2019-20 വർഷത്തേക്കും ലഭ്യമാകും എന്ന് കണക്കാക്കിയാണ് വാർഷിക പദ്ധതിക്ക് രൂപം നൽകിയത്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2019-20 വർഷത്തിൽ ലഭിക്കാവുന്ന വിഹിതത്തെ സംബന്ധിക്കുന്ന കണക്കുകൾ ഇപ്പോൾ വ്യക്തമാണ്. ഈ സാഹചര്യത്തിൽ 2019-20-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. ഒപ്പം, സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ച തീരുമാനമെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

## 2. സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ

2.1 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും, മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് ഭരണ സമിതി തീരുമാനമെടുക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ ഭൗതികവും സാമ്പത്തികവും ആയി നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്താവുന്നതാണ്. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാം. ഭാഗീകമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാവുന്നതാണ്. 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പെയ് മെന്റ് നൽകാൻ കഴിയാതെ

ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തേണ്ടതാണ്.

2.2 നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം തുടർന്ന് നടപ്പിലാക്കാവുന്നതാണ്. ഭേദഗതി ആവശ്യമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടെയോ അംഗീകാരം ആവശ്യമില്ല. ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ക്യൂ ബില്ലുകളുടെയും ഭേദഗതി ആവശ്യമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെയും പേയ് മെന്റ് ആദ്യഗഡു തുകയിൽ നിന്നും നൽകാവുന്നതാണ്.

2.3 അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി തുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണ സമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം നേടിയതിനുശേഷം മാത്രമെ തുടർന്ന് നിർവ്വഹണം നടത്താൻ പാടുള്ളൂ.

### 3. വാർഷിക പദ്ധതി അടങ്കൽ

3.1 സ്പിൽ ഓവർ ബാധ്യത, ലഭ്യമാകുന്ന ബജറ്റ് വിഹിതത്തിനുള്ളിൽ ക്രമപ്പെടുത്തുകയാണ് വേണ്ടത്. എന്നാൽ അപ്രകാരം ചെയ്യണമെങ്കിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പലതും ഒഴിവാക്കേണ്ടി വരും. നിലവിലുള്ള സാഹചര്യത്തിൽ മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അതിന് കഴിയുകയില്ല. ആയതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് താഴെ പറയുന്ന പ്രത്യേക ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

3.2 എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടു വരേണ്ടതില്ല. ഓരോ വിഭാഗത്തിലും പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്താവുന്നതാണ്. ഉദാഹരണത്തിന്; 2019-20 ലെ ബജറ്റിൽ പൊതുവിഭാഗം വിഹിതമായി 230 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന് 46 ലക്ഷം രൂപ (230 ന്റെ 20 ശതമാനം) വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി പൊതുവിഭാഗത്തിൽ പ്രത്യേകം മാറ്റി നിർത്താവുന്നതാണ്. വികസന ഫണ്ടിലെ ഓരോ വിഭാഗത്തിലും (പൊതുവിഭാഗം, എസ്.സി.എസ്.പി, ടി.എസ്.പി, കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്) ഇപ്രകാരം പരമാവധി ഇരുപതു ശതമാനം വരെ പ്രത്യേകം മാറ്റി നിർത്താവുന്നതാണ്. അതുപോലെ മെയിന്റനൻസ് ഫണ്ടിലെ റോഡ്, റോഡിതരം എന്നിവയിൽ ഓരോന്നിലും ഇരുപതു ശതമാനം വരെ സ്പിൽ ഓവർ ബാധ്യത മാറ്റിനിർത്താവുന്നതാണ്. ഇരുപത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് സ്പിൽ ഓവർ

ബാധ്യത വരുന്ന ഓരോ വിഭാഗത്തിലും 20 ശതമാനത്തിൽ കൂടുതലുള്ള തുക 2019-20-ലെ ബജറ്റ് വിഹിതത്തിനുള്ളിൽ മേഖലാതല നിബന്ധനകൾക്ക് വിധേയമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

3.3 ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടുവരുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം കഴിച്ച് ബാക്കിയുള്ള തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.

3.4 ഇപ്രകാരം വാർഷിക പദ്ധതി അന്തിമമാക്കുമ്പോൾ ബജറ്റ് വിഹിതത്തിന്റെ 120 ശതമാനം വരെ തുകയുള്ള പ്രോജക്ടുകൾ ഉണ്ടാകുമെങ്കിലും ലഭ്യമായ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി വേണം പ്രോജക്ടുകളുടെ പെയ് മെന്റ് നൽകേണ്ടത്. സാമ്പത്തിക വർഷാവസാനം പേയ് മെന്റ് നൽകാൻ കഴിയാതെ വരുന്ന പ്രോജക്ടുകൾ അടുത്ത (2020-21) വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പേയ് മെന്റ് നൽകാവുന്നതാണ്.

## 4. മറ്റ് നിർദ്ദേശങ്ങൾ

4.1 ഖണ്ഡിക 3.3 പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തുന്നതിന്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. വിഹിതം ബാക്കിയുണ്ടെങ്കിൽ മാത്രം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. പുതിയ പ്രോജക്ടുകൾക്ക് സാധ്യതയുണ്ടെങ്കിൽ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുതിയ കേരളം എന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും അനിവാര്യ പ്രോജക്ടുകൾക്ക് വിഹിതം വകയിരുത്തുന്നതിനും ആകണം മുൻഗണന നൽകേണ്ടത്.

4.2 അവശ്യം വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിക്കാതെ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവയ്ക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം ലഭിക്കുകയില്ല. അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട പ്രോജക്ടുകൾ നിർബന്ധമായും ഭേദഗതി ചെയ്ത് വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

4.3 ഖണ്ഡിക 4.1, 4.2 എന്നിവയിൽ പ്രതിപാദിക്കുന്ന ഭേദഗതികൾ നടത്തുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. പുതിയ പ്രോജക്ടുകളുടെ ഭേദഗതി ഈ ഘട്ടത്തിൽ വെറ്റിംഗ് ഓഫീസറുടെ അംഗീകാരം കൂടാതെ തന്നെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്. പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതിയ പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർക്ക് അയച്ച് അംഗീകാരനടപടികൾ പൂർത്തിയാക്കാവുന്നതാണ്. എന്നാൽ സ്പിൽ ഓവർ പ്രോജക്ടുകളിൽ ഭേദഗതി അനിവാര്യമാണെങ്കിൽ അവ വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി വേണം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടത്.

4.4 വാർഷിക പദ്ധതി ഇപ്രകാരം പരിഷ്കരിക്കുമ്പോൾ അനിവാര്യ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയും ഉറപ്പാക്കേണ്ടതാണ്. അതുപോലെ, ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർത്ത യോഗത്തിൽ ധാരണയായത് പ്രകാരം ഏറ്റെടുക്കുന്ന സംയുക്ത പ്രോജക്ടുകൾക്കു വേണ്ട വിഹിതവും നിർബന്ധമായും വകയിരുത്തേണ്ടതാണ്.

4.5 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി ഇപ്രകാരം പരിഷ്കരിച്ച് 2019 ജൂൺ 5 നകം ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഈ രീതിയിൽ

വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് സമാന്തരമായിതന്നെ, നടപ്പുവർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ വെറ്റിംഗ് ഓഫീസർക്ക് അയച്ച് അംഗീകാര നടപടികൾ പൂർത്തിയാക്കുകയും തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

4.6 2018 ഓഗസ്റ്റിലെ മഹാപ്രളയം കാര്യമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക ധനസഹായം നൽകുന്നതിന് 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ പ്രത്യേകം മാറ്റിവച്ചിട്ടുണ്ട്. ഈ തുക അർഹതയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രത്യേക ധനസഹായം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ